**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആധാരമെഴുത്തുകാരുടെ ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആധാരമെഴുത്തുകാരുടെ ക്ഷേമനിധിയിൽ അംഗമാകുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ടോ; എങ്കിൽ എന്ന് വരെ ലഭിച്ച അപേക്ഷകളിന്മേലാണ് നടപടി പൂർത്തീകരിച്ച് വരിസംഖ്യ കൈപ്പറ്റി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലും പദ്ധതിയിലുമുള്ള വ്യവസ്ഥകൾ പാലിച്ച് ക്രമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നില്ല. 2025 വരെ ക്രമപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിച്ച് അംഗത്വം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ആധാരമെഴുത്തുകാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള നടപടി ക്രമങ്ങൾ, സബ്& ജില്ലാ രജിസ്ട്രാർ ഓഫീസ്, ഐ.ജി. ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികൾ എന്നിവ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | 2012-ലെ ക്ഷേമനിധി ആക്റ്റിലും 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും<br>പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിലും വ്യവസ്ഥ ചെയ്തിട്ടുള്ള ചട്ടങ്ങൾ പാലിച്ച കൊണ്ടാണ് ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ക്ഷേമനിധി ആക്റ്റ് 5-ാം വകുപ്പ് പ്രകാരവും ക്ഷേമനിധി പദ്ധതി ഖണ്ഡിക (11) പ്രകാരവുമാണ് ക്ഷേമനിധിയിൽ അംഗത്വം അനുവദിച്ച് നൽകുന്നത്. മേൽ വ്യവസ്ഥകൾ പാലിച്ച കൊണ്ട് ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയും തീർപ്പ കൽപ്പിക്കലുമാണ് സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ, ഐ ജി ഓഫിസുകളിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ. |
| (സി) | സേവനാവകാശ നിയമ പ്രകാരം പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് എത്രയാണെന്ന് അറിയിക്കാമോ; നിർദിഷ്ട കാലയളവിനുള്ളിൽ നടപടികൾ പൂർത്തീകരിക്കാനാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ക്ഷേമനിധി പദ്ധതി ഖണ്ഡിക 11 (5) പ്രകാരം അംഗത്വം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ 45 ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ക്ഷേമനിധി പദ്ധതി ഖണ്ഡിക 11 (1), (2), (3), (4) എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച കൊണ്ട് ക്രമപ്രകാരം സമർപ്പിക്കാത്ത അപേക്ഷകളാണ് നിർദ്ദിഷ്ട കാലയളവിനുള്ളിൽ നടപടി കൈക്കൊള്ളാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ